**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 970** | **26-07-2021 - ൽ മറുപടിയ്ക്ക്**

**സഞ്ചാരത്തിലും ചരക്ക് കടത്തിലും തുറമുഖങ്ങളുടെ സാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ് ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി. നന്ദകുമാർ** | | **Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വൻകിടേതര തുറമുഖങ്ങളുടെ സാധ്യത യാത്രക്കാരുടെ സഞ്ചാരത്തിനും ചരക്ക് കടത്തിനും വിനിയോഗിക്കാൻ മാരിടൈം ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന്റെ ഭാഗമായി ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ ചാനൽ, ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ, അഴീക്കലിൽ ആധുനിക നിലവാരത്തിലുള്ള ഒരു തുറമുഖം നിർമ്മിക്കുന്നതിന് ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് സാങ്കേതിക സാദ്ധ്യതാപഠനം, വിശദമായ പദ്ധതി രേഖ, പാരിസ്ഥിതിക പഠനം എന്നിവ പൂർത്തിയാക്കുന്നതിന് ടെക്നിക്കൽ കൺസൾട്ടൻസിയെ നിയമിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ നീളം 105 മീറ്റർ ആയി വർദ്ധിപ്പിച്ചു. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ റോഡ് / റെയിൽ കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിന് Techno - Economic Feasibility Report (TEFR) / Detailed Project Report (DPR) തയ്യാറാക്കുന്നതിന് Indian Port Rail Corporation Ltd (ഐ.പി.ആർ.സി.എൽ) എന്ന കേന്ദ്ര ഏജൻസിയെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കൊച്ചി കഴിഞ്ഞാൽ ചരക്ക് നീക്കം കൈകാര്യം ചെയ്യുന്നതിലും യാത്രക്കാരുടെ എണ്ണത്തിലും മുന്നിലുള്ള ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | ബേപ്പൂർ തുറമുഖത്തെ തിരക്ക് ഒഴിവാക്കുന്നതിനായി നിലവിലുള്ള വാർഫിന്റെ പടിഞ്ഞാറുഭാഗത്തായി 150 മീറ്റർ നീളത്തിലും കിഴക്കുഭാഗത്ത് 200 മീറ്റർ നീളത്തിലുമുള്ള പുതിയ വാർഫുകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്. ഇതിന് ചെന്നൈ IIT പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. വലിയ കപ്പലുകൾ തുറമുഖത്ത് അടുപ്പിക്കുന്നതിനായി കപ്പൽ ചാനലിന്റെ |

| | | | |
|---|---|---|---|
| | | | ആഴം 6 മീറ്ററായി വർദ്ധിപ്പിക്കുന്നതിനുള്ള DPR തയ്യാറാക്കി ധനകാര്യ, പ്ലാനിംഗ് വകുപ്പുകളുടെ അഭിപ്രായം തേടിയിട്ടുണ്ട്. കണ്ടൈനർ സൂക്ഷിക്കുന്നതിനും മറ്റുമായി പുതുതായി ഏറ്റെടുത്ത കോവിലകം ഭൂമിയിൽ ഗോഡൗണും, കണ്ടൈനർ സ്റ്റാക്കിംഗ് യാർഡും നിർമ്മിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |
| (സി) | അന്താരാഷ്ട്രാ കപ്പൽ ചാലിന്റെയും തലസ്ഥാന നഗരത്തിന്റെയും സാമീപ്യം നൽകുന്ന അവസരം പ്രയോജനപ്പെടുത്താനുതകും വിധം വിഴിഞ്ഞം കാർഗോ തുറമുഖം വികസിപ്പിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; ക്രൂ ചെയിഞ്ച് അനുമതി ലഭിച്ച സാഹചര്യം തുറമുഖ വികസനത്തിന് പ്രയോജനപ്പെടുത്തുവാൻ സാധ്യമായിട്ടുണ്ടോ എന്നറിയിക്കുമോ? | (സി) | ഉണ്ട്. വിഴിഞ്ഞം തുറമുഖത്ത് നിലവിൽ ക്രൂ ചെയ്ഞ്ചിംഗ് പ്രവർത്തനം ഫലപ്രദമായി നടത്തിവരുന്നുണ്ട്. കഴിഞ്ഞ ഒരു വർഷമായി 350 ഓളം കപ്പലുകൾ ഇവിടെ ക്രൂ ചെയ്ഞ്ചിംഗ് നടത്തിയിട്ടുണ്ട്. ക്രൂ ചെയ്ഞ്ചിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചതിന്റെ ഭാഗമായി തുറമുഖത്ത് കസ്റ്റംസ്, ഇമിഗ്രേഷൻ, പോർട്ട്, ഹെൽത്ത് വിഭാഗങ്ങൾക്കായുള്ള ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ